"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:93/ഡിഡി2/2022/തസ്വഭവ തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-05-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലും നിലവിലുള്ള കരാർ ജീവനക്കാരുടെ കാലാവധി ദീർഘിപ്പിച്ച ഉത്തരവ് - സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്

സൂചന:-
1. സ.ഉ.(സാധാ)നം.47/16/ത.സ്വ.ഭ.വ തീയതി 03.03.2016
2. സ.ഉ.(സാധാ)നം.1149/2021/ത.സ്വ.ഭ.വ തീയതി 15.06.2021
3. സ.ഉ.(സാധാ)നം.1496/2021/ത.സ്വ.ഭ.വ തീയതി 09.08.21
4. സ.ഉ.(സാധാ)നം.1560/2021/ത.സ്വ.ഭ.വ തീയതി 13.08.21
5. സ.ഉ.(സാധാ)നം.758/2022/ത.സ്വ.ഭ.വ തീയതി 26.03.22
6. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 19.04.2022-ലെ എൻ.ആർ.ഇ.ജി.എ/263/2022-ഡി-1 നമ്പർ കത്ത്

**********************

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വന്ന ജീവനക്കാരുടെ സേവന കാലാവധി, കോവിഡ്-19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ 2022 മാർച്ച് 31 വരെ ഉറപ്പാക്കി സൂചന (1), (2) ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. സമാനമായ ആനുകൂല്യം അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്കും അനുവദിച്ച് സൂചന (4) ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി. കോവിഡ് അനന്തര സാഹചര്യങ്ങൾ സൃഷ്ടിച്ച പ്രതിസന്ധി കണക്കിലെടുത്ത്, ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സേവനത്തിൽ തുടരുന്ന വിവിധ വിഭാഗം കരാർ ജീവനക്കാരുടെയും 2022 ജൂൺ 30-ന് മുൻപായി കരാർ കാലാവധി അവസാനിക്കുന്ന ജീവനക്കാരുടെയും കരാർ കാലാവധി 2022 ജൂൺ 30 വരെ ദീർഘിപ്പിച്ചുകൊണ്ട് സൂചന (5) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഈ ഉത്തരവ് പാലിക്കാൻ പല തദ്ദേശ സ്ഥാപനങ്ങളും തയ്യാറാകുന്നില്ല എന്നും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ താൽക്കാലിക ജീവനക്കാരുടെ കരാർ കാലാവധി 2 വർഷമായി നിശ്ചയിച്ചിരിക്കെ പല തദ്ദേശ സ്ഥാപനങ്ങളും സൂചന (5) ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് ജീവനക്കാർക്ക് രണ്ട് വർഷ കരാറിന്റെ ആനുകൂല്യം നൽകുന്നില്ല എന്നും കരാർ കാലാവധി

ജൂൺ 30 വരെ മാത്രമാണെന്ന് വ്യാഖ്യാനിച്ച് ജീവനക്കാരെ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുന്നതായും ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്നും ജീവനക്കാരുടെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സൂചന (6) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (5) ഉത്തരവ് സംബന്ധിച്ച് ചുവടെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

**1.**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും ജോലിയിൽ തുടരുന്നവരിൽ, 2022 മാർച്ച് 31 വരെയോ അതിന് മുൻപായോ കരാർ കാലാവധി അവസാനിക്കുന്ന ജീവനക്കാർക്കാണ് സൂചന (5) ഉത്തരവ് പ്രകാരം 2022 ജൂൺ 30 വരെ കരാർ കാലാവധി നീട്ടി നല്കിയിട്ടുള്ളത്. അതോടൊപ്പം, 2022 മാർച്ച് 31-ന് ശേഷം 2022 ജൂൺ 30-ന് മുൻപായി കരാർ കാലാവധി അവസാനിക്കുന്ന ജീവനക്കാർക്കും ടി ഉത്തരവ് ബാധകമാണ്.

**2.**സൂചന (1) ഉത്തരവ് പ്രകാരം നിലവിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ താൽക്കാലിക ജീവനക്കാരുടെ കരാർ കാലാവധി 2 വർഷം തന്നെയാണ്. ടി ഉത്തരവ് റദ്ദാക്കിയിട്ടില്ല. ആയതിനാൽ 2 വർഷകാലാവധി പൂർത്തിയാക്കാത്ത കരാർ ജീവനക്കാരെ സൂചന (5) ഉത്തരവുമായി ബന്ധപ്പെടുത്തേണ്ടതില്ല.

ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി
ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/ ജില്ലാ കളക്ടർമാർക്കും
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

**Signed by Nisam N**
**Date: 26-05-2022 13:25:59**

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി